കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

നം.ജെ2/7/2018/പൊവിവ

തിരുവനന്തപുരം, തീയതി 28-02-18

OFFICE OF THE DIRECTOR OF PUBLIC INSTRUCTION
08 MAR 2018
THIRUVANANTHAPURAM

## സർക്കുലർ

വിഷയം:- പൊവിവ- കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷകൾ - സംബന്ധിച്ച്.

സൂചന:- (1).ജി.ഒ (പി) നം.29/16/പൊ.വി.വ തീയതി 29/1/16

(2).29-11-2016 തീയതിയിലെ സർക്കുലർ നം.951951/ജെ2/16/പൊ.വി.വ.

എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ 2011-12 മുതൽ 2015-16 വരെയുള്ള സ്റ്റാഫ് ഫിക്സേഷനുകൾ സൂചന (1) പ്രകാരം ഒരുമിച്ചാണ് നടത്തിയത്. ഇതുമായി ബന്ധപ്പെട്ട് നിയമനാംഗീകാരം പ്രപ്പോസലുകൾ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി നല്കുന്നതിന് സൂചന (2) ലെ സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിരുന്നു. അതനുസരിച്ച് പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിലെ ഉദ്യോഗസ്ഥരും ഡി.പി.ഐ യിലെ ഉദ്യോഗസ്ഥരുമടങ്ങുന്ന പരിശോധനാസമിതി എല്ലാ ജില്ലകളിലും സിറ്റിംങ് നടത്തി കൃത്യമായ രേഖകൾ ലഭ്യമായ എല്ലാ അപേക്ഷകളിലും തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (1) ലെ ഉത്തരവിന്റെ ദ്രുതഗതിയിലുള്ള നടപ്പാക്കൽ ഉദ്ദേശിച്ച് നൽകപ്പെട്ടതാണ് പ്രസ്തുത സർക്കുലറിലെ നിർദ്ദേശം അത് ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഇനിയും തീരുമാനമാകാത്ത കേസുകൾ മൂന്നു വിഭാഗങ്ങളിൽ പെടുന്നു:-

ഒന്ന്). ജില്ലകളിൽ സിറ്റിംങ് നടത്തിയെങ്കിലും വേണ്ട രേഖകൾ ഹാജരാക്കാത്തതിനാൽ അവയ്ക്ക് കാത്തിരിക്കുന്ന കേസുകൾ.

രണ്ട്). ജില്ലകളിൽ സിറ്റിങ്ങ് നടത്തിയവേളയിൽ ഹാജരാകാതെ പിന്നീട് നേരിട്ട് അപേക്ഷ സമർപ്പിച്ച കേസുകൾ.

മൂന്ന്). രണ്ടാമതു സൂചിപ്പിച്ച സർക്കുലറിലെ മൂന്നാമത് പിരിവിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നില്ല എന്നു കണ്ടെത്തിയ കേസുകൾ (അതായത്, നിയമനാംഗീകാരത്തിനുള്ള പ്രപ്പോസൽ 29-01-2016 ന് മുമ്പ് മാനേജർ സമർപ്പിച്ചതായിരിക്കണം: കാലതാമസം മൂലം അത് നിരസിക്കപ്പെട്ടതായിരിക്കണം; കാലതാമസം മൂലം അത് നിരസിക്കപ്പെട്ടതായിരിക്കണം; കാലതാമസം മൂലം അത് നിരസിക്കപ്പെട്ടതായിരിക്കണം; തുടർന്ന്, യഥാസമയം അപ്പീൽ ഹർജി നല്കിയതായിരിക്കണം).

നിയമനാംഗീകാരത്തിനുള്ള പ്രപ്പോസൽ മാനേജർ സമർപ്പിക്കുന്നതിൽ വരുന്ന കാലതാസമം മാപ്പാക്കി നല്കുന്നതിന് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ അനുസരിച്ച് മേല്പറഞ്ഞ കേസുകൾ തീർപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു അതിൻപ്രകാരം സൂചന (2) സർക്കുലറിലെ മൂന്നാം ഖണ്ഡികയിൽ ഭേദഗതി വരുത്തിക്കൊണ്ട്, പരാമർശം ഒന്നിലെ ഉത്തരവ് വരുന്നതിന് മുമ്പ് ഉണ്ടായ വ്യവസ്ഥാപിത ഒഴിവുകളിൽ നിയമിക്കപ്പെട്ടവരുടെ നിയനാംഗീകാരം പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം കെ.ഇ.ആർ ലെ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം അതത് വിദ്യാഭ്യാസ ഉപഡയറക്ടർ/പൊതുവിദ്യാഭ്യാസ ഡയറക്ടർ മാപ്പാക്കി നൽകേണ്ടതാണെന്നു നിർദ്ദേശിക്കുന്നു.

എച്ച്. നജീബ്

ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (കേരള) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പൊ.വി. കത്ത് നമ്പർ എച്ച്2/20452/18/ഡി.പി.ഐ
തീയതി 6-4-2018

സർക്കുലറിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിനും അനന്തര നടപടികൾക്കുമായി അയക്കുന്നു.

JESSY JOSEPH
Addl. Director of Public Instruction (General)
Directorate of Public Instruction
Thiruvananthapuram-14

സ്വീകർത്താക്കൾ
1) എല്ലാ DDE, DEO, AEO മാരും

പകർപ്പ്
1) ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും സെക്ഷൻ സൂപ്രണ്ടുമാർക്കും.

[illegible]